©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ജനുവരി 19<br>19th January 2021<br>1196 മകരം 6<br>6th Makaram 1196<br>1942 പൌഷം 29<br>29th Pousha 1942 | നമ്പർ<br>No. | 3 |

## PART III

# Irrigation Department

ക്വട്ടേഷൻ/ലേല പരസ്യം

നമ്പർ എ2-28/95. 2020 ഡിസംബർ 22.

ജലവിഭവ വകുപ്പിൽ മലപ്പുറം ഇറിഗേഷൻ ഡിവിഷനിൽ തിരൂർ ഇറിഗേഷൻ സബ് ഡിവിഷന്റെ കീഴിൽ വരുന്ന പുഴകളുടെയും കനാലുകളുടെയും തീരത്തും മറ്റുമുള്ള ഡിപ്പാർട്ടുമെന്റ് വക സ്ഥലത്ത് നിൽക്കുന്ന താഴെ പറയുന്ന പട്ടികയിലെ ഫലവൃക്ഷങ്ങളുടെ (തെങ്ങുകളടക്കം) മേലാദായം 1-1-2021 മുതൽ 31-12-2021 വരെയുള്ള ഒരു കൊല്ലത്തേക്ക് അനുഭവിക്കുന്നതിനുവേണ്ടി നിർദ്ദിഷ്ട ഫോറത്തിൽ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് ഫോറങ്ങൾ 11-1-2021 വൈകുന്നേരം 4 മണിവരെ തിരൂർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്. പൂരിപ്പിച്ച ക്വട്ടേഷനുകൾ, ക്വട്ടേഷൻ ഫോറം ലഭിച്ച ഓഫീസിൽ മാത്രമേ സ്വീകരിക്കുകയുള്ളൂ. ക്വട്ടേഷനുകൾ 18-1-2021 വൈകുന്നേരം 4 മണിവരെ സ്വീകരിക്കുന്നതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറുകളുടെ പുറത്ത് ലോട്ട് നമ്പർ എഴുതിയിരിക്കണം.

അടങ്കൽ തുക—₹ 3,00,000

ക്വട്ടേഷനോടൊപ്പം ₹ 1,000 നിരതദ്രവ്യം നൽകേണ്ടതാണ്. നിരതദ്രവ്യം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്നും മലപ്പുറം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ അധികാരപ്പെടുത്തിയതായിരിക്കണം. നിരതദ്രവ്യമില്ലാത്ത ക്വട്ടേഷനുകൾ സാധുവായി സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ നൽകിയവർ അതാത് ദിവസത്തെ ലേലസ്ഥലത്ത് നിശ്ചിത സമയത്ത് തന്നെ എത്തേണ്ടതും ക്വട്ടേഷൻ താൽക്കാലികമായി സ്വീകരിച്ചാൽ ക്വട്ടേഷൻ തുകയും ആകെ തുകയുടെ 5% സെക്യൂരിറ്റി

ഡെപ്പോസിറ്റും അപ്പോൾതന്നെ അടയ്ക്കേണ്ടതുമാണ്. ക്വട്ടേഷനുകൾ അതാത് ദിവസത്തിലുള്ള ലേലവുമായി താരതമ്യപ്പെടുത്തി മാത്രമേ സ്ഥിരീകരിക്കുകയുള്ളൂ. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും വാങ്ങി സമർപ്പിക്കുകയോ അല്ലെങ്കിൽ വ്യക്തിയുടെ പൂർണ്ണമായ തിരിച്ചറിയലിന് കഴിയുന്നതും ഏതെങ്കിലും ഡിപ്പാർട്ടുമെന്റ് നൽകിയതോ ആയ രേഖകൾ (ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, വോട്ടർ ഐഡൻറിറ്റി കാർഡ്, ആധാർ കാർഡ് തുടങ്ങിയ രേഖകളിൽ ഏതെങ്കിലും) നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിന് മുമ്പായി ക്വട്ടേഷൻ/ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഇത്തരം രേഖകൾ ഹാജരാക്കാത്തവരെ യാതൊരു കാരണവശാലും ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. പരസ്യലേലം 20-1-2021-ാം തീയതി തിരൂർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽവെച്ച് മലപ്പുറം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ആൾ ലേലം തുടങ്ങുന്നതിന് അരമണിക്കൂർ മുമ്പായി ഓരോ ലോട്ടിനും ₹ 1,000 നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്.

ലേല സംഖ്യ പരമാവധി വിളിച്ചുകഴിഞ്ഞാൽ തൽസമയം ക്വട്ടേഷനുകൾ തുറക്കുന്നതും ലേലത്തിലോ ക്വട്ടേഷനിലോ കൂടുതൽ തുക എന്ന് പരിശോധിച്ച് കൂടുതലുള്ള തുകയ്ക്ക് മേലനുഭവങ്ങൾ എടുക്കുവാനുള്ള അവകാശം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ക്വട്ടേഷൻ/ലേലം കൊണ്ടയാൾ മുഴുവൻ ക്വട്ടേഷൻ/ലേല തുകയും ആകെ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റും അപ്പോൾത്തന്നെ അടയ്ക്കേണ്ടതുമാണ്. ക്വട്ടേഷൻ/ലേലം കൊണ്ടയാൾ ലേലം ഉറപ്പിച്ച വിവരം അറിഞ്ഞ ഉടൻതന്നെ ലീസ് എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. ലീസ് എഗ്രിമെന്റ് വയ്ക്കുന്നതിനുമുമ്പായി ഫലവൃക്ഷങ്ങളിലെ മേലാദായം അനുഭവിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ക്വട്ടേഷൻ/ലേലം കൊണ്ടയാൾ തനിക്ക് അവകാശം ലഭിച്ച നിശ്ചിത പരിധിയിൽ വരുന്ന ലോട്ടുകളിലെ ഫലവൃക്ഷങ്ങൾക്ക് (തെങ്ങുകൾ) അതാത് കാലങ്ങളിൽ തക്കസമയത്ത് പച്ചിലവളം, രാസവളം മുതലായവ വകുപ്പ് മേലധികാരികളുടെ മേൽനോട്ടത്തിൽ ചെയ്യേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം തുല്യമായ സംഖ്യ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും വസൂലാക്കുന്നതാണ്. മുൻകാലങ്ങളിൽ നടത്തിയ ലേലങ്ങളിൽ ലേല നിബന്ധനകൾ പാലിക്കാതിരുന്ന ലേലം കൊണ്ടയാളുകൾക്ക് യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള അർഹത ഉണ്ടായിരിക്കുന്നതല്ല. ലേലം വിളിച്ചെടുക്കാത്തവരുടെ നിരതദ്രവ്യം അതാത് ദിവസത്തെ ലേലം മുഴുവനായി തീർന്ന ഉടൻ മടക്കികൊടുക്കുന്നതാണ്. നിശ്ചിത ദിവസം മുഴുവൻ ലേലവും തീർന്നില്ലെങ്കിൽ അടുത്തദിവസം രാവിലെ 10 മണിക്ക് ലേലം തുടരുന്നതാണ്. ജലസേചന വകുപ്പിലെ നിലവിലുള്ള മറ്റ് എല്ലാ നിബന്ധനകളും ഈ ലേലങ്ങൾക്കും ബാധകമായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ തിരൂർ ഇറിഗേഷൻ സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് അന്വേഷിച്ച് അറിയാവുന്നതാണ്. ഫോൺ: 0483 2731402.

പട്ടിക 1

ലേല സ്ഥലം—തിരൂർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്.

ലേല തീയതിയും സമയവും—20-1-2021 രാവിലെ 10 മണി.

| ക്രമ നമ്പർ | ലോട്ട് നമ്പർ | തെങ്ങുകളുടെ എണ്ണം | ലോട്ടുകൾ സ്ഥിതിചെയ്യുന്ന സ്ഥലം | |
|---|---|---|---|---|
| (1) | (2) | (3) | (4) | |
| 1 | 21 | 51 | ടി. കെ. കനാൽ കെ. എം. 8 മുതൽ 18 വരെയുള്ള തിരൂർ പൊന്നാനി പുഴയുടെ കരകൾ | കിഴക്ക് കര |
| 2 | 22 | 54 | ,, | കിഴക്ക് കര |
| 3 | 23 | 53 | ,, | കിഴക്ക് കര |
| 4 | 24 | 58 | ,, | പടിഞ്ഞാറ് കര |
| 5 | 25 | 59 | ,, | പടിഞ്ഞാറ് കര |

| (1) | (2) | (3) | (4) | |
|---|---|---|---|---|
| 6 | 26 | 53 | ടി. കെ. കനാൽ കെ. എം. 8 മുതൽ 18 വരെയുള്ള തിരൂർ പൊന്നാനി പുഴയുടെ കരകൾ | പടിഞ്ഞാറ് കര |
| 7 | 27 | 45 | ,, | കിഴക്ക് കര |
| 8 | 28 | 54 | ,, | കിഴക്ക് കര |
| 9 | 29 | 49 | ,, | കിഴക്ക് കര |
| 10 | 30 | 69 | ,, | പടിഞ്ഞാറ് കര |
| 11 | 31 | 68 | ,, | പടിഞ്ഞാറ് കര |
| 12 | 32 | 71 | ,, | കിഴക്ക് കര |
| 13 | 33 | 55 | ,, | കിഴക്ക് കര |
| 14 | 34 | 58 | ,, | പടിഞ്ഞാറ് കര |
| 15 | 35 | 71 | ,, | പടിഞ്ഞാറ് കര |
| 16 | 36 | 20 | ,, | കിഴക്ക് കര |
| 17 | 37 | 20 | ,, | കിഴക്ക് കര |
| 18 | 38 | 15 | ,, | പടിഞ്ഞാറ് കര |
| 19 | 39 | 38 | ,, | പടിഞ്ഞാറ് കര |
| 20 | 51 | 18 | 1 മുതൽ 17 വരെയുള്ളത് കൂട്ടായി ആർ.സി.ബി. ഇടതു മുകൾഭാഗവും, 18 കൂട്ടായി ആർ.സി.ബി. ഇടത് താഴെ ഭാഗവും | |

ലോട്ടുകളുടെ എണ്ണം —20.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
മലപ്പുറം.

(ഒപ്പ്)
എക്സിക്യൂട്ടീവ് എഞ്ചിനീയർ.